**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2582** **27-02-2023 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ എം.എൽ.എ. യുടെ പ്രത്യേക വികസന ഫണ്ട് വിനിയോഗിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പോസ്റ്റുകൾ സ്ഥാപിക്കുന്നതും, സ്ട്രീറ്റ് മെയിൻ വലിക്കുന്നതുമായ ജോലികൾ ഏകദേശം പൂർത്തിയായിവരുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ എം.എൽ.എ. യുടെ പ്രത്യേക വികസന ഫണ്ട് വിനിയോഗിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | പൂയപ്പള്ളി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ MLA യുടെ പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് തെരുവ് വിളക്കുകൾ (മിനി മാസ്റ്റ്) സ്ഥാപിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ, സർവീസ് കണക്ഷൻ എസ്റ്റിമേറ്റും, ഫീസിബിലിറ്റി സർട്ടിഫിക്കറ്റും 04.10.2021-ൽ കൊല്ലം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർക്ക് നൽകി തുടർ നടപടികൾ നടന്നു വരുന്നു. |
| (സി) | കെ.എസ്.ഇ.ബി. കുണ്ടറ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ നിർവഹണ ചുമതലയിൽ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി 2021 ഫെബ്രുവരിയിൽ എം.എൽ.എ. ജില്ലാ കളക്ടർക്ക് പ്രൊപ്പോസൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ കളക്ടർ നിർവഹണ ഉദ്യോഗസ്ഥനോട് എസ്റ്റിമേറ്റ് ആവശ്യപ്പെട്ടിട്ടുണ്ടോയെന്നും തുടർ നടപടികളുടെ നാളിതുവരെയുള്ള സ്ഥിതിയെന്തെന്നും അറിയിക്കാമോ? | (സി) | പൂയപ്പള്ളി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ MLA യുടെ പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് തെരുവ് വിളക്കുകൾ (മിനി മാസ്റ്റ്) സ്ഥാപിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ, സർവീസ് കണക്ഷൻ എസ്റ്റിമേറ്റും, ഫീസിബിലിറ്റി സർട്ടിഫിക്കറ്റും 04.10.2021-ൽ കൊല്ലം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർക്ക് നൽകി തുടർ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ